# 873

1 യേശു മതി എന്നേശു മതി ശാശ്വതമായെന്നാശ്രയമായ്
ആകുലമകന്നെൻ ജീവിത നൗക തുറമുഖമണയാറായല്ലോ

മാറിടും ക്ഷോണി വൻഗിരിപോലും മാറുകില്ലവൻ ദയ ഒരുനാളും
കാത്തിടും തൻകരത്താലവൻ നമ്മെ കാർമുകിൽ ഭീകരവേളകളിൽ

2 മറന്നിടും നമ്മെ മാതാവെന്നാൽ മറക്കുകില്ലൊരിക്കലും എന്നേശു
അരുളിയ വചനം ബലമേകുന്നു അനുദിന ജീവിതയാത്രയ്ക്ക്-

3 ആഴിയിലോടുമെൻ തോണിയെ നയിക്കും അഖിലാണ്ഡത്തിൻ ഉടയവനാൽ
ഉയരുന്നലകളിൽ ഉടയാൻ തോണിയെ ഉടയവനൊരിക്കലും വിടുകില്ല-

4 ഒരുക്കുവാൻ നമുക്കൊരു ഭവനം സ്വർഗ്ഗേ അരുളിയെന്നേശു പോയപ്പോൾ
മറക്കുകില്ലൊരിക്കലും അവൻ വരും നമ്മെ
മോഹന നാട്ടിൽ ചേർത്തിടുവാൻ- **K.A.A.**